# AMRITA VIDYALAYAM
## ANNUAL EXAMINATION - 2019 - 20

**Class : IX** **Marks : 80**
**Time : 3 hrs**

# മലയാളം

| |
|---|
| This question paper is divided into four sections. |
| Section A : Reading Comprehension - 10 marks |
| Section B : Writing - 14 marks |
| Section C : Grammar - 20 marks |
| Section D : Text and Non-Detailed - 36 marks |

## എ വിഭാഗം

**1. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

സൂര്യനിൽ നിന്ന് അനന്തമായി പ്രവഹിക്കുന്ന താപോർജം ഭൂമിയിൽ വന്നു തട്ടി വായുവിലൂടെ തിരിച്ചു ബാഹ്യാന്തരീക്ഷത്തിലേക്കു മടങ്ങുന്ന സങ്കീർണ്ണമായ വ്യവസ്ഥയാണ് ജീവന്റെ നിലനിൽപ്പിന് ആധാരം. ഈ വായുക്കളുടെ ശീതോഷ്ണാവസ്ഥയുടെ സന്തുലിത ഭാവമാണ് ഇന്ന് അപകടത്തിലായിരിക്കുന്നത്. കൽക്കരി, എണ്ണ, വാതകം, വിറകു എന്നിവയുടെ നിരന്തരമായ കത്തിക്കൽ നിമിത്തം കാർബൺഡയോക്സൈഡ് അമിതമായ തോതിൽ വായു മണ്ഡലത്തിലേക്കു വിസർജിക്കപ്പെടുന്നു. കൂടാതെ വമ്പിച്ച തോതിൽ വനദഹനം, രാസവ്യവസായങ്ങൾ, കോടാനുകോടി വാഹനങ്ങൾ തുടങ്ങി ജനകോടികളുടെ ഉച്ഛ്വാസം വരെ ഈ തോതു വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. 1987 – ൽ ആമസോണിൽ കൃഷിക്കും കാലിമേയ്ക്കലിനും വികസനത്തിനുമായി അഞ്ചുകോടി പത്തുലക്ഷം ഏക്കർ വനം ചുട്ടെരിക്കപ്പെട്ടു. ആറുമാസം നീണ്ടുനിന്ന ഈ ദഹനഫലമായി അറുപത്തിരണ്ടു ദശലക്ഷം ടൺ കാർബൺഡയോക്സൈഡ് വാതകം വായുവിൽ കലർന്നു എന്ന് ശാസ്ത്രജ്ഞന്മാർ കണക്കാക്കിയിരുന്നു. വായുവിന്റെ ശുദ്ധീകരണ പ്രക്രിയ നിരന്തരവും നിയതവുമായി നടത്തിക്കൊണ്ടിരിക്കുന്നത് ഭൂമിയുടെ പച്ചപ്പാണ്. മരങ്ങളും ചെടികളും പുൽനാമ്പുകളും വരെ ഈ വിഷച്ചൂടിനെയാകെ ശുദ്ധീകരിക്കുന്നു. അമിതമായ വ്യവസായവൽക്കരണത്തിന്റെയും ജനപ്പെരുപ്പത്തിന്റെയും ഫലമായി ഈ കാർബൺഡയോക്സൈഡിന്റെ തോത് അനുനിമിഷം ഉയർന്നു. പച്ചപ്പിന്റെ തോത് അനുനിമിഷം കുറഞ്ഞും വന്നു. വായു ശുദ്ധീകരണത്തിന്റെ, ശീതോഷ്ണാവസ്ഥ ക്രമീകരണത്തിന്റെ താളം ഇക്കാരണങ്ങളാൽ തെറ്റി തുടങ്ങിയിരിക്കുന്നു.

**ചോദ്യങ്ങൾ.** **10**

1. എന്താണ് ജീവന്റെ നിലനിൽപ്പിനാധാരം?
2. എന്താണ് ഇന്ന് അപകടത്തിലായിരിക്കുന്നത്?
3. ആമസോണിൽ വനം ചുട്ടെരിച്ചതെന്തിന്?
4. വായുവിന്റെ ശുദ്ധീകരണം എങ്ങനെയാണു നടന്നിരുന്നത്?
5. ഈ ഖണ്ഡികക്ക് ഉചിതമായ ശിർഷകം നൽകുക.

## ബി. വിഭാഗം

**2.a) ഏതെങ്കിലും ഒരു വിഷയത്തെ കുറിച്ച് രണ്ട് പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** **7**

1. നഷ്ടപ്പെടുന്ന കാർഷിക സംസ്കാരം.
2. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം.
3. വിദ്യാഭ്യാസത്തിൽ ദൃശ്യ മാധ്യമങ്ങൾക്കുള്ള പങ്ക്.

**b) റോഡപകടങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് എടുക്കാൻ കമ്മീഷണറെ ക്ഷണിച്ചു കൊണ്ടു് കത്ത് തയ്യാറാക്കുക.** **7**

## സി. വിഭാഗം

**3.a) പ്രയോഗം മാറ്റുക.** **2**

1. അയ്യപ്പൻ പിന്നെയും പ്ലാവിലേക്ക് നോക്കി.
2. ശങ്കരൻകുട്ടി വികാരപൂർവ്വം യാത്ര ചോദിച്ചു.

**b) അംഗ – അംഗി വാക്യം വേർതിരിച്ചെഴുതുക.** **2**

1. തുഴകൾ ചലിപ്പിച്ചു കൊണ്ട് കടത്തുകാരൻ മന്ദഹസിച്ചു.
2. കാലത്തു കാപ്പിക്കും വൈകുന്നേരവും പുഴുങ്ങാനുമുള്ള ചക്ക വെട്ടിപിളർന്ന് കഷണങ്ങളാക്കി ചുളയടർത്തും.

**c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **2**

1. ഒറ്റക്കണ്ണനായ സൂര്യൻ പകലവൻ അസ്തമിച്ചു.
2. കൂട്ടമായി വിളഞ്ഞ ചക്ക നോക്കിയും കണ്ടും ശ്രദ്ധിച്ചു എടുത്തില്ലെങ്കിൽ ഒന്നിച്ചു പഴുത്തു ചീഞ്ഞളിയും.

**d) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക.** **2**

1. അത്യധികം 2. മനുഷാകാരം

**e) വിഗ്രഹിച്ചു സമാസം എഴുതുക.** **2**

1. സൂര്യാംശു 2. പ്രമാണവാക്യം

**f) പര്യായ പദങ്ങൾ എഴുതുക.** **2**

1. പ്ലാവ് 2. പെട്ടി

**g) നാനാർത്ഥം എഴുതുക.** **2**

1. ജാലം 2. പനി

**4. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.**

**a) വിപരീതപദം എഴുതുക.** **2**

1. സങ്കോചം (വികാസം, നിസ്സങ്കോചം, അസങ്കോചം, വിസങ്കോചം)
2. ഐഹികം (അനൈഹികം, പാരത്രികം, ലൗകികം, സാത്വികം)

**b) അർത്ഥ വ്യത്യാസം എഴുതുക.** **2**

1. ഗഹനം – ഗഗനം (ആഴത്തിലുള്ളത്, പുതിയത്, ആകാശം, വായു)
2. മുഖം – മഖം (ശരീരഭാഗം, ക്ഷേമം, യാഗം, തേര്)

**c) എതിർലിംഗം എഴുതുക.** **2**

1. ആസക്തൻ (ആസക്തി, ആസക്ത, ആസിക്ത, അവക്ത)
2. കർഷകൻ (കർഷകി, കാർഷിക, കർഷക, കർഷികി)

## ഡി. വിഭാഗം

**5.a) ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക. 4**

1. സന്ധ്യക്ക് വിഷക്കാവിൽ വെളിച്ചമകറ്റുവാൻ ദുർമന്ത്രവാദം ചെയ്യുന്നതാർ?
(തത്തകൾ, കന്യകമാർ, മൂങ്ങകൾ, നായകൾ)
2. 'കൃഷ്ണഗാഥ' എന്ന കൃതിക്ക് ചെറുശ്ശേരി ആശ്രയിച്ച കൃതി ഏത്?
(രാമായണം, ഭാഗവതം, മഹാഭാരതം, ഭഗവത്ഗീത)
3. ഒരു ചുമയ്ക്ക് ഇടറി വീഴുന്ന പഴങ്കൂട് ഏത്?
(ശരീരം, കണ്ഠം, മിഴിയിണ, നിലാവ്)
4. 'നാലിതൾപ്പൂവ്' എന്ന കവിതയിൽ സൂചിതമാവുന്ന കൃതി.
(രാമായണം, ഭഗവത്ഗീത, മഹാഭാരതം, ഭാഗവതം)

**b)** 1. എല്ലാ ജീവജാലങ്ങളുടേയും ശബ്ദങ്ങൾ അതിന്റെ ശബ്ദത്തിലുണ്ട്. ഏതിന്റെ?
(രാപ്പാടിയുടെ, കാളയുടെ, നദിയുടെ, കടത്തുകാരന്റെ)
2. ശങ്കരൻകുട്ടി എന്ന കഥാപാത്രത്തെ സിനിമയിൽ അവതരിപ്പിച്ച നടൻ.
(ഭരത്ഗോപി, അടൂർ ഗോപാലകൃഷ്ണൻ, മുരളി, സത്യൻ)
3. "ഒരുവേള പഴക്കമേറിയാൽ ഇരുളും മെല്ലെ വെളിച്ചമായ് വരും" ഏതു കൃതിയിലേതാണീ വരികൾ?
(നളിനി, ലീല, ചിന്താവിഷ്ടയായ സീത, വീണപൂവ്)
4. നാരായന്റെ കേരളസാഹിത്യ അക്കാദമി അവാർഡ് ലഭിച്ച കൃതി ഏത്?
(ഊരാളി, വന്നല, കൊച്ചരേത്തി, നിസ്സഹായന്റെ നിലവിളി)

**6. ഉത്തരമെഴുതുക. 24**

**a)** 1. "നാമന്യോന്യം ഊന്നുവടികളായ് നിൽക്കാം" – ഈ വരികളിൽ തെളിയുന്ന ആശയം എന്ത്?
2. മനുഷ്യ സംസ്കാരത്തേയും സാഹിത്യത്തെയും സംബന്ധിക്കുന്ന എന്തെല്ലാം സൂചകങ്ങൾ ആണ് നാലിതൾപ്പൂവ് എന്ന കവിതയിൽ ഉള്ളത്?
3. മിന്നാമിനുങ്ങിന്റെ പ്രവൃത്തിയെ ഉദാഹരിച്ചുകൊണ്ട് കവി നൽകുന്ന സന്ദേശം എന്ത്?

**b)** 1. തേൻവരിക്ക എന്ന കഥയിൽ പ്ലാവ് ഒരു കഥാപാത്രമായി മാറുന്നത് എങ്ങനെയെന്ന് വിശദീകരിക്കുക.
2. കുപ്പിവളകൾ എന്ന ശീർഷകം കഥയുമായി എത്ര മാത്രം ബന്ധപ്പെട്ട് കിടക്കുന്നു എന്ന് വിവരിക്കുക.
3. നദി സിദ്ധാർത്ഥന് പകർന്നു നൽകിയ അറിവുകൾ എന്തെല്ലാമായിരുന്നു?

**7. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 8**

1. വിവേകാനന്ദൻ എന്ന ആത്മീയ തേജസ്സിന്റെ അസ്തമയത്തെക്കുറിച്ചു വിവരിക്കുക.
2. ചിക്കാഗോവിലെ സ്വാമി വിവേകാനന്ദന്റെ വചോജൈത്രയാത്രയെ കുറിച്ച് വിവരിക്കുക.
3. സ്വാമി വിവേകാനന്ദന്റെ കുടുംബ പശ്ചാത്തലം എങ്ങനെയുള്ളതായിരുന്നു?